(ബി) നിലവിലെ രേഖകൾ അനുസരിച്ച് 1500 ഹെക്ടറോളം നെൽകൃഷിക്കനുയോജ്യമായ കൃഷിഭൂമി തരിശായി പാലക്കാട് ജില്ലയിൽ ഉണ്ട്. വിവിധ പദ്ധതികളിലായി (ആർ.കെ.വി.വൈ., ഗ്രാമ ബ്ലോക്ക് തല പദ്ധതികൾ) തരിശുനിലങ്ങളിൽ കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പരിശോധിക്കാവുന്നതാണ്.

കാർഷിക ഉൽപ്പന്നങ്ങൾക്ക് വിലസ്ഥിരത

157 (3362) ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ശശി :
ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ഉൽപന്നങ്ങൾക്ക് കാലാകാലങ്ങളിലുണ്ടാകുന്ന വിലയിടിവും വിളനാശവുംമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക ഉൽപന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാർഷിക ഉല്പന്നങ്ങൾക്ക് വിലസ്ഥിരത ഉറപ്പാക്കുന്നതിന് സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കേരളത്തിലെ കാർഷികോല്പന്നങ്ങളിൽ വിലയിടിവ് പ്രധാനമായും നേരിടുന്നത് റബ്ബറിനാണ്.

സംസ്ഥാനത്ത് സ്വാഭാവിക റബ്ബറിന്റെ വില താഴ്ന്നിന്ന സാഹചര്യത്തിൽ, റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25.02.2014-ലെ സ.ഉ. (എം.എസ്.)നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവായിട്ടുണ്ട്. റബ്ബർമാർക്ക്, മാർക്കറ്റ്ഫെഡ് എന്നീ ഏജൻസികൾ മുഖേനയാണ് റബ്ബർ സംഭരണം നടത്തിയിട്ടുള്ളത്.

റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ " റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് 3-07-2015-ലെ സ.ഉ.(പി.) നമ്പർ 269/2015/ഫിൻ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചുകൊണ്ട് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നാളികേരത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന സർക്കാർ കൃഷിഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുന്നുണ്ട്.

ഇതിനുപുറമേ നെല്ലിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്ത് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ലുസംഭരണ പദ്ധതിയിലുൾപ്പെടുത്തിയാണ് സംസ്ഥാനത്ത് നെല്ല് സംഭരണം നടപ്പിലാക്കുന്നത്.

നെൽകൃഷി ലാഭകരമാക്കാൻ നടപടി

158 (3363) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി നഷ്ടത്തിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നെൽകൃഷി ലാഭകരമാക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കാമോ;

(ബി) നിലവിൽ നെൽകൃഷിക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിവരുന്നു എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് നിലവിൽ എത്ര ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് ആകെ എത്ര ടൺ നെല്ല് ഉല്പാദിപ്പിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഏറ്റവും കൂടുതൽ ഉൽപ്പാദനച്ചെലവ് വരുന്ന ഒരു വിളയാണ് നെല്ല്. നെൽകൃഷി ലാഭകരമാക്കണമെങ്കിൽ ആയതിന്റെ ഉൽപ്പാദനച്ചെലവ് കുറയ്ക്കുക എന്നതാണ് ഏറ്റവും പ്രാധാന്യമേറിയ കാര്യം. ആയത് മുന്നിൽ കണ്ടുകൊണ്ട് നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഇതനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly